**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4947** **14-03-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന റോഡുകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന റോഡുകളുടെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന റോഡായ രാമനാട്ടുകര – എയർപോർട്ട് റോഡ് വികസിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. റോഡ് ആറുവരി പാതയാക്കി വികസിപ്പിക്കുന്നതിനുള്ള സ്കെച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. മറ്റ് റോഡുകളുടെ കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) | കോഴിക്കോട്-പാലക്കാട് റോഡിൽ രാമനാട്ടുകര മുതൽ എയർപോർട്ട് വരെയുള്ള റോഡ് വികസിപ്പിക്കുന്നതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ; | (ബി) | ദേശീയപാതാ വിഭാഗത്തിന് കീഴിലുള്ള രാമനാട്ടുകര മുതൽ എയർപോർട്ട് വരെയുള്ള റോഡ് ആറുവരി പാതയാക്കുന്നതിന്റെ അലൈൻമെന്റ് സ്കെച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | കൊളത്തൂർ ജങ്ഷൻ മുതൽ എയർപോർട്ട് വരെ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്നതിനും കമാനം സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; | (സി) | പ്രൊപ്പോസൽ പരിശോധിക്കുന്നു. പരിഗണിക്കാനാകുമോ എന്ന് പരിശോധിക്കാം. |
| (ഡി) | കോഴിക്കോട് വിമാനത്താവളം ഹജ്ജ് എംബാർക്കേഷൻ പോയന്റ് ആയി തിരഞ്ഞെടുത്ത സാഹചര്യത്തിൽ വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന ഗ്രാമീണ റോഡുകളടക്കം വൺ ടൈം ഫണ്ട് നൽകി നവീകരിക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രൊപ്പോസൽ പരിശോധിക്കുന്നു. പരിഗണിക്കാനാകുമോ എന്ന് പരിശോധിക്കാം. |

സെക്ഷൻ ഓഫീസർ